**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **29-07-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്കായി നിയമനിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ്,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . എൻ . ഷംസുദീൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമല്ല എന്ന് കരുതുന്നുണ്ടോ; | (എ) | സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി നിലവിലുണ്ടാ യിരുന്ന 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്-2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റും നിലവിലുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ, സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിലുണ്ട്. എന്നിരുന്നാലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റു പല വകുപ്പുകളിലും നിലവിലുള്ള പല നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. ഇപ്രകാരം നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റം അവശ്യമെങ്കിൽ പഠനം നടത്തി ശുപാർശ സർപ്പിക്കുന്നതിനായി 3 അംഗ വിദഗ്ദ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായികളുടെ പരാതി-ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഈ സർക്കാരിന്റെ ആദ്യമന്ത്രിസഭ യോഗത്തിൽ തീരുമാനിക്കുകയും സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനുള്ള നടപടികൾ അന്തിമ |

| | | | |
|---|---|---|---|
| | | | ഘട്ടത്തിലാണ്. വ്യവസായ സംരംഭം തുടങ്ങുന്നത് സുഗമമാക്കുന്നതിനുള്ള എല്ലാ നടപടികളും പ്രസ്തുത നിയമത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | വ്യവസായങ്ങൾ ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതിനു വേണ്ടി നിയമനിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി നിലവിലുണ്ടാ യിരുന്ന 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട്-2018 നിലവിൽ വന്നിട്ടുണ്ട്. വിവിധ വകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടലായ കെ-സ്വിഫ്റ്റും നിലവിലുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട -ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ, സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിലുണ്ട്. എന്നിരുന്നാലും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മറ്റു പല വകുപ്പുകളിലും നിലവിലുള്ള പല നിയമങ്ങളിലും കാലോചിതമായ മാറ്റങ്ങൾ അനിവാര്യമാണ്. ഇപ്രകാരം നിലവിലുള്ള നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ മാറ്റം അവശ്യമെങ്കിൽ പഠനം നടത്തി ശുപാർശ സർപ്പിക്കുന്നതിനായി 3 അംഗ വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായികളുടെ പരാതി-ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ ഈ സർക്കാരിന്റെ ആദ്യമന്ത്രിസഭ യോഗത്തിൽ തീരുമാനിക്കുകയും സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണത്തിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. വ്യവസായ സംരംഭം തുടങ്ങുന്നത് സുഗമമാക്കുന്നതിനുള്ള എല്ലാ നടപടികളും പ്രസ്തുത നിയമത്തിന്റെ കരടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ